**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1276** **04-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം ക്ലബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര രംഗത്ത് പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി കലാലയങ്ങളെ വിനോദസഞ്ചാര പ്രവൃത്തിയുടെ ഭാഗമാക്കുന്നതിന് വിനോദസഞ്ചാര വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പാക്കുന്ന ടൂറിസം ക്ലബ്ബ് രൂപീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ ടൂറിസം അവബോധം സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയിൽ അവരെ ഭാഗഭാക്കാക്കുക, ഈ രംഗത്ത് കൂടുതൽ പ്രൊഫഷണൽസിനെ സൃഷ്ടിക്കുക, ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനത്തിലും വികസനത്തിലും വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പ് വരുത്തുക എന്നീ സുപ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാനത്തെ തെരഞ്ഞെടുത്ത കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചത്. ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ടൂറിസം വകുപ്പ് മന്ത്രിയും ചേർന്ന് ബന്ധപ്പെട്ട ഉദ്യാഗസ്ഥന്മാരെ കൂടി ഉൾപ്പെടുത്തികൊണ്ട് യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ തീരുമാനിച്ച പ്രകാരം ആദ്യഘട്ടത്തിൽ 25 ടൂറിസം ക്ലബ്ബുകളാകും സംസ്ഥാനത്ത് രൂപീകരിക്കുക. ഈ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് ടൂറിസം വകുപ്പ് നിശ്ചിത തുക മാറ്റി വെക്കുന്നതാണ്. ഒരു മാസത്തിനുള്ളിൽ ടൂറിസം ക്ലബ്ബുകൾ സംസ്ഥാനത്ത് നിലവിൽ വരുന്ന രീതിയിലാണ് പ്രവർത്തനം പുരോഗമിക്കുന്നത്. |
| (ബി) | പദ്ധതികൾ നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളുടെ സമീപത്തുള്ള വിനോദസഞ്ചാര കേന്ദ്രത്തിന്റെ ചുമതല ടൂറിസം ക്ലബ്ബുകൾക്ക് നൽകാൻ ആലോചിക്കുന്നുണ്ടോ; | (ബി) | ആലോചിക്കുന്നുണ്ട് |
| (സി) | ടൂറിസം ക്ലബ്ബുകൾക്ക് പ്രസ്തുത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എന്തെല്ലാം ചുമതലകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കലാലയങ്ങളുടെ സമീപത്തുള്ള ടൂറിസം കേന്ദ്രങ്ങളുടെ പരിപാലന ചുമതലയിൽ ടൂറിസം ക്ലബ്ബുകളെ കൂടി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം ടൂറിസം കേന്ദ്രങ്ങളുടെ ക്ലീനിംഗ്, അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളുടെ ,പരിപാലനം, മാർക്കറ്റിംഗ് ഉൾപ്പെടെയുള്ളവ ടൂറിസം ക്ലബ്ബുകളുടെ സഹകരണത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദേശങ്ങളും ടൂറിസം ക്ലബ്ബുകൾക്ക് മുന്നോട്ടു വെക്കാം. ടൂറിസവുമായി ബന്ധപ്പെട്ട സെമിനാർ, സിമ്പോസിയം, ചർച്ചകൾ ടൂറിസം ക്ലബ്ബുകൾക്ക് സംഘടിപ്പിക്കാം |
| (ഡി) | പാർട്ട്ടൈം ജോലി ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഇത്തരം കേന്ദ്രങ്ങളിൽ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ടൂറിസം ക്ലബ്ബുകളുടെ ഭാഗമായി പാർട്ട് ടൈം ജോലി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ